ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്
പ്രജോ ടവേഴ്സ്, വഴുതക്കാട്,
തിരുവനന്തപുരം-14

പരി.നമ്പർ.19/2011/ ഇബി2/ എച്ച്.ആർ.ഡി. തീയതി: 22/8/2011

## പരിപത്രം

വിഷയം:- ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള സ്ഥാപനങ്ങളിലൽ 6000/- രൂപ നിരക്കിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ അവധി സംബന്ധിച്ച്.

സൂചന:- 1) ഈ ഓഫീസിലെ 5/10/2010-ലെ പരിപത്രം നമ്പർ.18/2010ഇബി2 / എച്ച്.ആർ.ഡി.
2) 26/7/2010-ലെ പരിപത്രം നമ്പർ.16/2010/ ഇഎ1/ എച്ച്.ആർ.ഡി.
3) ഈ ഓഫീസിലെ 3/3/2011 തീയതിയിലെ ഇബി2/16033/2010/ എച്ച്.ആർ.ഡി. (1) ഉത്തരവ്

........

സൂചന (3) പ്രകാരം ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ 6000/- രൂപ ശമ്പള നിരക്കിൽ (ഒഴിവുള്ള സെക്യൂറിറ്റി ഗാർഡ്/ഫുൾ ടൈം സ്വീപ്പർ/ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ തസ്തികകളിൽ) താൽക്കാലികമായി നിയമിച്ചിട്ടുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അനുവധിച്ചിട്ടുള്ള അവധിയെ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സുചന (3) പ്രകാരം നിയമിച്ചിട്ടുള്ള എല്ലാ താൽക്കാലിക ജീവനക്കാരും മാസത്തിൽ 1 ¼ ദിവസത്തെ കാഷ്വൽ അവധിക്ക് അർഹരായിരിക്കും. അതുപോലെ തന്നെ ആഴ്ചയിൽ ഒരു ദിവസത്തെ വീക്കിലി ഓഫിനുള്ള അർഹതയും അവർക്ക് ഉണ്ടായിരിക്കും.

ഈ ജീവനക്കാരുടെ ഡ്യൂട്ടി സംബന്ധമായ തീരുമാനങ്ങൾ എടുക്കുവാനുള്ള അനുവാദം അതാതു സ്ഥാപനത്തിലെ സ്ഥാപന മേധാവികൾക്കായിരിക്കും. മേൽ സൂചനകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും എല്ലാ സ്ഥപനമേധാവികളും കർശനമായി പാലിക്കേണ്ടതാണ്.

ഈ പരിപത്രം എല്ലാ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും രേഖാമൂലം നൽകേണ്ടതാണ്. കൂടാതെ ഈ പരിപത്രം ലഭിച്ചുവെന്ന വിവരം ഇ-മെയിൽ വഴി ഹെഡ് കാർട്ടേഴ്സിൽ അറിയിക്കേണ്ടതാണ്.

പ്രൊഫ.വി.സുബ്രമണി
ഡയറക്ടർ

എല്ലാ സ്ഥാപന മേധാവികൾക്കും
സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി